കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksa.kerala.gov.in

# പടിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി4/2227/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ-670001.

ഇ-മെയിൽ: lfaddistofficeknr@gmail.com

ഫോൺ: 0497 2707698.

തിയ്യതി : 23-01-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

പടിയൂർ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- പടിയൂർ ഗ്രാമപഞ്ചായത്ത് --- 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-3, 3-1, 3-4, 3-5, 3-7, 3-8, 3-11 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

ceeyar/

നം കെ.എസ്.എ./കെ.എൻ.ആർ./സി4/2227/2016. തീയതി: 23-01-2017.

## കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ

## 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ23 അന്വേഷണക്കുറിപ്പുകളിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.(3), വെറ്ററിനറി സർജൻ (2) എന്നിവരാണ് മറുപടി തരാൻ ബാക്കിയുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ അതതു സമയം തന്നെ ശ്രദ്ധയിൽപ്പെടുത്തുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-12-2016 മുതൽ 19-12-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ ജയരാജൻ കെ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ശ്രീ രഘുനാഥ്.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ വിനീത് കുമാർ.കെ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | പി.പി. രാഘവൻ മാസ്റ്റർ<br>കെ.ശ്രീജ | 01-04-2015 മുതൽ 31-10 -2015 വരെ<br>26-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ജെ.ആന്റണി | 01-04-2016 മുതൽ 31-03-2016 വരെ |

സ.ഉ.(അച്ചടി) നമ്പർ 324/2015/ത.സ്വ.ഭ.വ തീ. 20-10-2015 ഉത്തരവ് പ്രകാരം 01-11-2015 മുതൽ 25-11-2015 വരെ താഴെ പറയുന്നവർ ഉൾപ്പെട്ട ഭരണ നിർവ്വഹണ കമ്മിറ്റിക്കായിരുന്ന ഭരണ ചുമതല

| | | |
|---|---|---|
| 1. | ജെ.ആന്റണി | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 2. | വിനേഷ് കുമാർ കെ.പി. | കൃഷി ഓഫീസർ |
| 3. | അനിത.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | സെക്രട്ടറി | ശ്രീ. ജെ.ആന്റണി | 01-04-2015 | 31-03-2016 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | ധന്യ.യു.കെ. | 01-04-2015 | 18-10-2015 |
| | | കലേഷ്.കെ | 19-10-2015 | 31-03-2016 |

| | | | | |
|---|---|---|---|---|
| 3 | കൃഷി ഓഫീസർ | വിനേഷ് കുമാർ .കെ. വി | 01-04-2015 | 31-03-2016 |
| 4 | വി.ഇ.ഒ (കല്ല്യാട്) | ശ്രീ. ഷൈനി.എം. | 01-04-2015 | 31-03-2016 |
| 5 | വി.ഇ.ഒ (പടിയൂർ) | ശ്രീ. മണി.കെ.എസ്. | 01-04-2015 | 22-01-2016 |
| | | ശ്രീ. അബ്ദുള്ള.സി. | 23-01-2015 | 31-03-2016 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | കമലാക്ഷി ടി.കെ. | 01-04-2015 | 31-05-2015 |
| | | അനിത.പി. | 01-06-2015 | 31-03-2016 |
| 7 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ആരിഫ് ലത്തീഫ്. | 01-04-2015 | 31-03-2016 |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അപർണ്ണ വിൽസൺ | 01-04-2015 | 31-03-2016 |
| 9 | വെറ്റിനറി സർജൻ | ഹരി കുമാർ എം. | 01-04-2015 | 03-06-2015 |
| | | വിമൽ കുമാർ. എം.ബി. | 04-06-2015 | 10-01-2016 |
| | | നിഥിന ബാബുരാജ് | 11-01-2016 | 18-03-2016 |
| | | ദിവ്യ റാണി തോമസ് | 19-03-2016 | 31-03-2016 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സവിത.എം | 01-04-2015 | 31-03-2016 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം<br>ഭാഗം – 1 പൊതു അവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |

| | | |
|---|---|---|
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ഗ്രാമസഭകൾ |
| 12 | 1-12 | വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും. |
| 13 | 1-13 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| ഭാഗം – 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | 2-1 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല |
| 15 | 2-2 | ഡി ആന്റ് ഒ ലൈസൻസ് സമയപരിധിക്കുള്ളിൽ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 16 | 2-3 | സേവന ഉപനികുതി ഈടാക്കുന്നില്ല |
| 17 | 2-4 | പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| ഭാഗം – 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 18 | 3-1 | എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - കൈപ്പറ്റ് രശീതി, മോണിറ്ററിംഗ് സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല - ₹ 5,36,773 തടസ്സപ്പെടുത്തുന്നു. |
| 19 | 3-2 | കേരള വാട്ടർ അതോറിറ്റി വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല – ₹ 2,07,000 തടസ്സപ്പെടുത്തുന്നു |
| 20 | 3-3 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം |
| 21 | 3-4 | തെരുവുവിളക്കുകളുടെയും വാട്ടർ ടാപ്പുകളുടെയും പരിശോധന നടത്തിയില്ല |
| 21 | 3-5 | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |
| 22 | 3-6 | ഐ.എ.വൈ. വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറൽ -- വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - ചെലവ് തുക ₹ 35,000 തടസ്സപ്പെടുത്തുന്നു |
| 23 | 3-7 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം - അധികം ചെലവ് ചെയ്ത തുക ₹ 3,859 അംഗീകരിക്കുന്നില്ല - ₹36,000 തടസ്സപ്പെടുത്തുന്നു |
| 24 | 3-8 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം - അധികം ചെലവ് ചെയ്ത തുക ₹ 6,860 അംഗീകരിക്കുന്നില്ല - 64,000 രൂപ തടസ്സപ്പെടുത്തുന്നു |
| 25 | 3-9 | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - ഡ്രൈവിംഗ് ലൈസൻസുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹ 2,08,500 തടസ്സപ്പെടുത്തുന്നു |
| 26 | 3-10 | എൻ.എ.സി ലഭ്യമാക്കാതെ ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങി - ചെലവ് |

| | | |
|---|---|---|
| | | തുക ₹30,000/- തടസ്സപ്പെടുത്തുന്നു |
| 27 | 3-11 | ഹോമിയോ (NRHM)ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല. ചെലവ് തുക ₹1,50,000 തടസ്സപ്പെടുത്തുന്നു. |
| 28 | 3-12 | മുട്ടക്കോഴി വിതരണം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയിട്ടില്ല – ചെലവഴിച്ച ₹ 2,47,440 തടസ്സപ്പെടുത്തുന്നു. |
| 29 | 3-13 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയിട്ടില്ല – ചെലവഴിച്ച ₹ 1,87,500 തടസ്സപ്പെടുത്തുന്നു. |
| 30 | 3-14 | സ്ഥിരം /പൂർണ്ണസമയ ജീവനക്കാരുടെ അഭാവം - എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. |
| 31 | 3-15 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - പൊതു അവലോകനം |
| 32 | 3-16 | പാലിയേറ്റീവ് പരിചരണം- അവലോകനം |
| 33 | 3-17 | ദുരിതാശ്വാസനിധി - അവലോകനം |
| 34 | 3-18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| 35 | 3-19 | ധനസഹായങ്ങളുടെ വിനിയോഗം – വേണ്ടത്ര ശ്രദ്ധ്ക്കാന്തി കാണിച്ചിട്ടില്ല |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 36 | 4-1 | നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ |
| 37 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |

| | | |
|---|---|---|
| 41 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-7 | ഓഡിറ്റ് റിക്കവറി |
| 43 | 4-8 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം |
| 44 | 4-9 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 45 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-11 | ഓഡിറ്റ് ഇംപാക്ട് |
| 47 | 4-12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 48 | അനുബന്ധം–1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 49 | Appendix- 1 | Audit Cetificate |
| 50 | Appendix- 2 | Income&Expenditure Statement |
| 51 | Appendix- 3 | Receipt& Payment Statement |
| 52 | Appendix- 4 | Balance Sheet |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016വർഷത്തെ ബജറ്റ് PR No.31/2015 തീയതി 30-03-2015 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 30,72,430 | 1,32,82,255 | 1,02,09,825 | | 332.3 |
| വരവ് | 8,91,09,000 | 3,36,82,812 | | 5,54,26,188 | 62.2 |

| | | | | | |
|---|---|---|---|---|---|
| ആകെ | 9,21,81,430 | 4,69,65,067 | | 4,52,16,363 | 49.05 |
| ചെലവ് | 9,12,97,500 | 3,82,75,976 | | 5,30,21,524 | 58.07 |
| നീക്കിയിരിപ്പ് | 8,83,920 | 86,89,091 | 78,05,171 | | 883.02 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-2016 | 31-07-2016 | 02-07-2016 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-2016 | 19-11-2016 | കെ.എസ്.എ / കെ.എൻ. ആർ /സി 4- 2227/2016 തീയ്യതി : 23-01-17 | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ:

1. ഡിമാൻഡ് രജിസ്റ്റർ, കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വസ്തു നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻന്റ്, പിരിവ്, ബാക്കി എന്നീ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. B-11 ഷെഡ്യൂളിൽ കാണിച്ച ആസ്തികളുടെ വിവരം പഞ്ചായത്ത് സൂക്ഷിച്ച ആസ്തി രജിസ്റ്ററിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല.

*വാർഷിക ധനകാര്യപത്രിക പരിശോധിച്ച് നല്കിയ സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2015-2016വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,32,82,255 |
| വരവ് | 3,36,82,812 |
| ആകെ | 4,69,65,067 |
| ചെലവ് | 3,82,75,976 |
| നീക്കിയിരിപ്പ് | 86,89,091 |

## 1-5 ഫണ്ട് വിനിയോഗം 2015-2016

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1762145 | 8451726 | 10213871 | 10213871 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 240801 | 639141 | 879942 | 879942 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 377533 | 940018 | 1317551 | 968518 | 349033 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 140230 | 4693000 | 4833230 | 4693000 | 140230 | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 130403 | 1627304 | 1757707 | 1757707 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 644987 | 5878595 | 6523582 | 4176941 | 2146641 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2808557 | 2003504 | 4812061 | 2660791 | 2151270 | 0 |
| MGNREGS | 0 | 11823819 | 11823819 | 11822046 | 0 | 0 |
| ബി ഫണ്ട് | 0 | 19913885 | 19913885 | 19913885 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| എം പി ഫണ്ട് | - | - | - | - | - | 1773 |
| ആകെ | 6104656 | 55970992 | 62075648 | 57086701 | 4987174 | 1773 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 123 | 3,38,16,993 | 101 | 2,71,42,458 | 3 | 19 | 82.11 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-2016 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.98 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 24,44,742 | 28,97,051 | 4,52,309 | +18.50 |
| നികുതിയേതര വരവുകൾ | 8,41,883 | 12,10,870 | 3,68,987 | +43.82 |
| മറ്റുവരവുകൾ(ഇനം തിരിച്ച്) | 0 | 0 | 0 | 0 |
| ആകെ | 32,86,625 | 41,07,921 | 8,21,296 | +24.98 |

# 1-8 ക്ഷേമപദ്ധതികൾ

2015-2016 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-2016 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 3,35,400 | 207 |
| കർഷകതൊഴിലാളി പെൻഷൻ | 55,21,950 | 782 |
| വിധവാപെൻഷൻ | 64,88,600 | 759 |
| വാർദ്ധക്യകാലപെൻഷൻ | 49,94,370 | 1046 |
| വികലാംഗപെൻഷൻ | 21,41,365 | 210 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,15,200 | 28 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 1,80,000 | 6 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-10-2016 മുതൽ<br>27-10-2016 വരെ | 01-08-2016മുതൽ<br>30-09-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-08-2014 മുതൽ<br>02-09-2014 വരെ | 2009-10 മുതൽ<br>2013-14 വരെ | 23-10-2014 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-12-2016 ന് 15.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,801 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 15 വാർഡുകളിലെയും പഴയ ഭരണസമിതിയുടെ ഗ്രാമ സഭാ മിനിട്സ് ഹാജരാക്കിയത് പരിശോധിച്ചു. പഴയ ഭരണസമിതി കാലയളവിനുള്ളിൽ 1 തവണയും പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം 2 തവണയും മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ 3 തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളതെങ്കിലും വാർഷിക പദ്ധതി റിപ്പോർട്ട് അവതരണം, വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, ലേബർ ബജറ്റ് അംഗീകരിക്കൽ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമസഭാ യോഗങ്ങളിൽ ഫലപ്രദമായി നടത്തിയിട്ടുണ്ട്.

എല്ലാ ഗ്രാമസഭായോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ പല യോഗങ്ങളിലും ഉണ്ടായിട്ടുള്ളൂ. ഗ്രാമസഭകൾ സജീവമാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ (സ്റ്റാറ്റ്യൂട്ടറി, പെർഫോർമൻസ്, എ.ജി. തുടങ്ങിയവ) ലഭിക്കുന്ന മുറക്ക് അവ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം 3 എ (3) വകുപ്പ് നിഷ്കർഷിക്കുന്നു. എന്നാൽ 03-07-2015ന് പുറപ്പെടുവിച്ച 2012-13, 2013-14 വർഷങ്ങളിലെയും 09-08-2016ന് പുറപ്പെടുവിച്ച 2014-15 വർഷത്തെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭാ യോഗങ്ങളിൽ ചർച്ച ചെയ്തതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ഗ്രാമ സഭ വിളിച്ചുചേർത്ത് ആയത് അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും.

വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ പദ്ധതി രൂപീകരണം, നടത്തിപ്പ്, മോണിട്ടറിംഗ് എന്നിവയിൽ സുപ്രധാന പങ്കു വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയിൽ (ജി.ഒ(എം.എസ്)362/2013 തസ്വഭവ 16-11-13) പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ആസൂത്രണത്തിനായി വിവിധ വിഷയമേഖലകൾക്ക് അനുബന്ധം 3(1), 3(2) എന്നിവയിൽ പറഞ്ഞ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ ഓരോ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട്.

പദ്ധതി ആസൂത്രണത്തിനായി വിവിധ മേഖലകൾക്ക് പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ച പ്രകാരം 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും 12 മുതൽ 17 വരെ അംഗങ്ങൾ ഉണ്ട്. ഓഡിറ്റ് വർഷത്തിൽ പുതുതായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ 02/2016 ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും അതിനു ശേഷം 06/2016ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. യോഗത്തിലെ അംഗങ്ങളുടെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പൊതുവെ ക്വാറം തികയാനുള്ള പങ്കാളിത്തം മാത്രമേ ഉണ്ടാകുന്നുള്ളൂ. പദ്ധതി മാർഗ്ഗരേഖ ഖ: 11(3) പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പും പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് അനുബന്ധം 5(1) ൽ പറഞ്ഞ പ്രകാരമുള്ള ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന് നല്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയതായി മിക്ക വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി മോണിട്ടർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-13 ആഭ്യന്തര നിയന്ത്രണ സംവിധാനം

1) തൻപതിവേട് (Personal Register) – സൂക്ഷിക്കൽ

മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക-21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിക്കേണ്ടതുമാണ്. ലഭ്യമാക്കിയ പേഴ്സണൽ രജിസ്റ്ററുകളിൽ സെക്ഷൻ മേധാവിയുടെയും ക്ലർക്കിന്റെയും പേര് ചേർത്തിട്ടില്ല. രജിസ്റ്ററുകളിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. 6 മുതൽ 10 വരെയുള്ള കോളങ്ങൾ ഒന്നും ചേർക്കാത്ത അവസ്ഥയിലാണ്. എം.ഒ.പി. ഖണ്ഡിക-150 പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ

രജിസ്റ്റർ പരിശോധി ക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധി ക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running Note file)സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ പേഴ്സണൽ രജിസ്റ്ററുകൾ സെക്ഷൻ മേധാവി പരിശോധിച്ചതായി കാണുന്നില്ല. തുടർ കുറിപ്പ് ഫയൽ, ഓർമ്മിപ്പിക്കൽ ഡയറി ഫോറം-XV, അനുബന്ധം-1 എന്നിവ ഒരു സെക്ഷനിലും സൂക്ഷിക്കുന്നില്ല.

2) സ്റ്റാഫ് മീറ്റിംഗുകൾ

2.7.2009 ലെ ജി. ഒ. (എം.എസ്.) 123/2009/ത.സ്വ.ഭ.വ നംമ്പർ ഉത്തരവിലെ നിർദേശങ്ങൾ പ്രകാരം എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും 2015-16 വർഷം 28-11-2015 തീയ്യതിയിൽ 1 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ചേർന്ന മീറ്റിംഗിൽ അജണ്ട വച്ച് കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനും ഓഫീസിന്റെ മൊത്തം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും സ്റ്റാഫ് മീറ്റിംഗ് ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

3) ഓഫീസ് ഉത്തരവുകൾ

വിശദമായ ജോലി വിഭജന രേഖ ഉൾക്കൊള്ളുന്ന ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. 18.04.2015 മുതൽ 23-03-2016 വരെയുള്ള തീയതികളിൽ 6 എണ്ണം ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 3-11-2006 ലെ 45776/പി.എ.3/06 ത.സ്വ.ഭ.വ.നമ്പർ സർക്കാർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച എച്ച്-1/ 13880/06 തീയതി 18-01-2007 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം ഓരോ ജീവനക്കാരനും ഉത്തരവാദിത്തങ്ങളിൽ കൃത്യവിലോപമോ വീഴ്ചയോ വരുത്തിയാലുള്ള ഭവിഷ്യത്തുകൾ, ബാധ്യതകൾ എന്തൊക്കയാണെന്നതു സംബന്ധിച്ച് ഓഫീസ് ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട്. 54/15 നമ്പർ ഉത്തരവിൽ വിശദമായ ജോലിവിഭജനരേഖ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ യഥാസമയം തന്നെ ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തുവരുന്നുണ്ട്.

4) ഹാജർ പുസ്തകം

ഹാജർ പുസ്തകത്തിൽ ജീവനക്കാർ കൃത്യമായി ഒപ്പുരേഖപ്പെടുത്തുകയും അവധി വിവരം, മറ്റു ജോലികളുടെ വിവരം എന്നിവ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വൈകിയെത്തിയ ഹാജർ വിവരം രേഖപ്പെടുത്തിയതായി കാണാൻ കഴിഞ്ഞിട്ടില്ല.

5) ഫ്രണ്ട് ഓഫീസ് സംവിധാനം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. എല്ലാ ദിവസവും വൈകു ന്നേരം 5മണിക്ക് ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എഴുതി പൂർത്തിയാക്കുന്നുണ്ടെങ്കിലും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഒപ്പുവയ്ക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ചുമതല ജീവനക്കാർ ഏറ്റെടുക്കുകയും കൈമാറി കൊടുക്കുകയും ചെയ്യുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ട്.

6) പേഴ്സണൽ ക്യാഷ് രജിസ്റ്റർ

കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല

1996-ലെ തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം സ്ഥാപനത്തിന്റെ സ്വഭാവമനുസരിച്ച് നികുതി നിർണ്ണയിക്കുകയും ചട്ടം 10 പ്രകാരം 6-ാം നമ്പർ ഫാറത്തിലുള്ള നോട്ടീസിൽ റിട്ടേൺ സമർപ്പിച്ച് സ്ഥാപനതൊഴിൽ നികുതി ചുമത്തുകയും ചെയ്യേണ്ടതാണ്. 2015-16 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്ററർ പരിശോധി ച്ചതിൽ സിബ്ഗ ആർട്സ് & സയൻസ് കോളേജ്, കല്യാട് എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. *(ജീവനക്കാരുടെ തൊഴിൽനികുതിയീടാക്കിയിട്ടുണ്ട്).* ഇതുസംബന്ധിച്ച് 13-12-2016 ന് കൊടുത്ത ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടി സ്ഥാപനത്തിൽ നിന്നും നികുതിയീടാക്കുന്നതിനായി നോട്ടീസ് അയച്ചതായി സെക്രട്ടറി അറിയിച്ചിരുന്നു. തുടർനടപടികൾ സ്വീകരിച്ച് ടി സ്ഥാപനം നികുതിയൊടുക്കുന്നത് ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 ഡി. ആന്റ് ഒ. ലൈസൻസ് സമയപരിധിക്കുള്ളിൽ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഡി. ആന്റ് ഒ. ലൈസൻസ് അനുവദിക്കുന്നതിന് വേണ്ടിയുള്ള പകുതിയോളം അപേക്ഷകളും ഏപ്രിൽ മാസത്തിനു ശേഷമാണ് ലഭിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കെട്ടിട നം. | പേര് | അപേക്ഷ നൽകിയ തീയതി |
|---|---|---|---|
| IX | 347 | തങ്കപ്പൻ, റൈസ് & ഫ്ളോർ മിൽ | 30-03-2016 |
| IX | 107 | തങ്കപ്പൻ, വെൽഡിംഗ് & വുഡ്‌വർക്സ് | 30-03-2016 |
| XIV | 77 | സെക്രട്ടറി, കല്യാട് ക്ഷീരോൽപാദക സഹ.സംഘം | 29-03-2016 |
| VII | 208 B | സദാനന്ദൻ. എം, ബേക്കറി | 18-03-2016 |
| XII | 179 | കാപ്പാടൻ ബാലകൃഷ്ണൻ നമ്പ്യാർ, അനാദിക്കച്ചവടം | 16-03-2016 |
| X | 376 | വി.അബ്ദുൾറസാഖ് | 15-03-2016 |
| V | 164 | സുധ കാക്കനാട്ട് | 15-03-2016 |
| XII | 130,131,132 | എ.സി.സെബാസ്റ്റ്യൻ | 01-03-2016 |

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത്ദിവസത്തിനു മുൻപായും പുതുതായി തുറക്കേണ്ട സ്ഥാപനങ്ങൾക്കുള്ള അപേക്ഷ അവ തുറക്കുന്നതിന് മുപ്പത് ദിവസത്തിനു മുൻപായും സമർപ്പിക്കേണ്ടതാണ്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ ലൈസൻസ് ഫീസിന്റെ 25% അധികഫീസ് ചുമത്താവുന്നതാണ് (പഞ്ചായത്ത്

രാജ് ചട്ടം 1996, എസ്.ആർ.ഒ.76/96 ൽ ചട്ടം (10),(19)കാണുക). ചട്ടലംഘനത്തിന് പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 255 പ്രകാരം ആയിരം രൂപയോളം വരുന്ന പിഴയോ അഥവാ തുടർന്ന് കൊണ്ടിരിക്കുന്ന ലംഘനത്തിന്റെ കാര്യത്തിൽ ആദ്യത്തെ ലംഘനത്തിന് കുറ്റസ്ഥാപനം ചെയ്തതിനുശേഷം ലംഘനം തുടരുന്ന ഓരോദിവസത്തിനും അമ്പതുരൂപയിൽ കവിയാത്ത പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണ്. ലൈസൻസ് കാലാവധിക്ക് മുൻപ് അപേക്ഷകൾ സ്വീകരിച്ച് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 സേവന ഉപനികുതി ഈടാക്കുന്നില്ല

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിൻറേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി (പൂർണ്ണ സംഖ്യയിൽ) ചുമത്താവുന്നതാണ്.

ജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സേവനങ്ങൾ ഗ്രാമ പഞ്ചായത്ത് നിർവ്വഹിക്കുന്നതിനാൽ അവയ്ക്ക് 2% നിരക്കിൽ സേവന ഉപനികുതി ന്യായമായും ചുമത്താവുന്നതാണ്. തൻവർഷത്തെ വസ്തു നികുതി വരവിന്റെ 4% തുക (88,440 രൂപ) ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കുമായിരുന്നു. മേൽപ്പറഞ്ഞ സേവനങ്ങൾക്കുവേണ്ടി തൻവർഷം ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ (2,33,631 + 2,14,996 = 4,48,627) 19.71% തുക തനത് ഫണ്ടിലേക്ക് ലഭിക്കുമായിരുന്നത് അധികൃതരുടെ ശ്രദ്ധക്കുറവ് കാരണം നഷ്ടമായി എന്നും പറയേണ്ടിയിരിക്കുന്നു.

സേവന ഉപനികുതി ചുമത്തേണ്ട കാര്യം പഞ്ചായത്ത് ഇതുവരെ ചർച്ചചെയ്തതായി കാണുന്നില്ല. തനതുവരുമാനം ശുഷ്കമായി വരുന്ന ഈ വേളയിൽ സേവന നികുതി ഏർപ്പെടുത്തുന്ന കാര്യം ഗൗരവത്തോടെ പര്യാലോചിക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നുണ്ട് എങ്കിൽ 1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ -209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. പരസ്യ നികുതി ഗ്രാമ പഞ്ചായത്തിന്റെ ഒരു വരവ് ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിലേക്കായി ബൈലോ നിർമ്മിക്കുകയോ പരസ്യ നികുതി ഈടാക്കുവാൻ ആവശ്യമായ മറ്റു തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാൻ ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - കൈപ്പറ്റ് രശീതി,

## മോണിറ്ററിംഗ് സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല - ₹ 5,36,773 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 117/16 |
| പ്രോജക്ടിന്റെ പേര് | എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | ₹ 5,39,000 (വി.ഫ+തനത് ഫണ്ട്+TFC) |
| ഭരണാനുമതി നമ്പർ | 43(1) 11.05.2015. |
| ബിൽ നമ്പർ/തീയ്യതി<br>വൗ നം./തീയ്യതി | 01/21-07-2015 5,00,000 വി.ഫ<br>02/31.07.2015. 2,969 TFC<br>13/17.10.2015. 6,786 TFC<br>21500482 /09.10.15 27,018തനത് ഫണ്ട് |
| ചെലവ് തുക | ₹ 5,36,773 |
| ഡി.ഡി.നമ്പർ | 076938/31.07.2016 ₹ 5,02,969 ക്രൂസ് |
| രശീതി നമ്പർ | 811/06-08-2015 |

2015-16 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രൊജക്ടിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 146 എണ്ണം 12 W എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുന്നതിനായി ബിൽ നമ്പർ 1, 2 എന്നിവ പ്രകാരം ആകെ ₹5,02,969 ക്രൂസ് എന്ന സ്ഥാപനത്തിനും, സൂപ്പർ വിഷൻ ചാർജ്ജിനത്തിൽ ₹ 33,804 കെ.എസ്.ഇ.ബി.ക്കും നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന് KSEB രശീതി നൽകിയിട്ടുണ്ട്. (രശീതി നമ്പർ 66740151020102148 തീ. 20.10.2015 AE, K.S.E.B ഇരിട്ടി സെക്ഷൻ - ₹6,786) + (രശീതി നമ്പർ 66490151009102061 തീ. 09.10.2015 AE, K.S.E.B ഇരിക്കൂർ സെക്ഷൻ - ₹27,018) . വിനിയോഗസാക്ഷ്യപത്രം, പദ്ധതി പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ ചെലവഴിച്ച ₹ 5,36,773 തടസ്സപ്പെടുത്തുന്നു.

## 3-2 കേരള വാട്ടർ അതോറിറ്റി വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല - ₹ 2,07,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 84/16 |
| പ്രോജക്ടിന്റെ പേര് | ബ്ലാത്തൂർ ടൗൺ മുതൽ വട്ടക്കീൽ മുക്ക് വരെ<br>കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | ₹2,07,000 ($13^{th}$ ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ഭരണാനുമതി നമ്പർ | 43(1)/2015 11.05.2015 |
| ബിൽ നമ്പർ/തീയ്യതി | 20 /15-16 തീയ്യതി 11- 02-2016 |
| ചെലവ് തുക | ₹ 2,07,000 |
| ഡി.ഡി.നമ്പർ | 319592/12.02.2016 |
| കരാറുടമ്പടി നമ്പർ | 10/16 തീ. 06.02.2016 |
| കൈപ്പറ്റ് രശീതി നമ്പർ | 0570118/ 18.02.2016. KWA |

ബ്ലാത്തൂർ ടൗൺ മുതൽ വട്ടക്കീൽ മുക്ക് വരെ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ എന്ന മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റി തളിപ്പറമ്പ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ 28.01.2016തീയതിയിലെ ഡി3/174/16നമ്പർ കത്ത് മുഖേന സെക്രട്ടറി, ആവശ്യപ്പെട്ടതനുസരിച്ച് ₹ 2,07,000 നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം KWA ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനക്ഷമമായോ എന്നു വ്യക്തമാക്കുന്ന മോണിറ്ററിംഗ് സർട്ടിഫിക്കറ്റും ലഭ്യമല്ല. ഇക്കാരണങ്ങളാൽ ചെലവഴിച്ച ₹ 2,07,000 തടസ്സപ്പെടുത്തുന്നു.

## 3-3 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം

1. പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2014-15 II ഒന്നാം പാദം 2015-16 ഒന്നാം പാദം എന്നീ അർദ്ധവർഷങ്ങളിലെ ലൈബ്രറി സെസ് തുകയായ ₹ 1,08,125 (88110+20015) 08.12.2015 നാണ് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഒടുക്കിയിട്ടുള്ളത്. (വൗച്ചർ നമ്പർ 2150062, ഡി.ഡി.നമ്പർ 078553/08.12.2015) ആയതിന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 11.12.2015 ലെ 09779 നമ്പർ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടുണ്ട്. സർക്കുലർ നമ്പർ 10088/എൽ 3/05/ത.സ്വ.ഭ.വ. 20./09/2015 പ്രകാരം ലൈബ്രറി സെസ് വർഷത്തിൽ രണ്ടു ഗഡുക്കളായി (ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തേത് നവമ്പർ 30 നകവും) ഒടുക്കേണ്ടതാണ്. എന്നാൽ ഈ നിബന്ധന ഇവിടെ പാലിക്കപ്പെട്ടിട്ടില്ല; ആയതിന് കാരണം വിശദീകരിക്കേണ്ടതാണ്.

2. പഞ്ചായത്ത് ജീവനക്കാരുടെ പ്രതിമാസ ശമ്പളം വിതരണം ചെയ്യുമ്പോൾ അക്വിറ്റൻസ് റജിസ്റ്ററിൽ ആകെ ശമ്പളം, ശമ്പളം വിതരണം ചെയ്ത തീയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല. കൂടാതെ കേരള ട്രഷറി കോഡ് വാല്യം I ചട്ടം 432(a) ലെ നിബന്ധനകൾ അനുസരിച്ച് അക്വിറ്റൻസ് പരിശോധിച്ച് ബോധ്യപ്പെട്ടതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 3-4 തെരുവുവിളക്കുകളുടെയും വാട്ടർ ടാപ്പുകളുടെയും പരിശോധന നടത്തിയില്ല

1) സർക്കാർ ഉത്തരവ് നം. ജി.ഒ(ആർ.ടി) 1501/2006/ത.സ്വ.ഭ.വ. 23.6.2006. പ്രകാരം വാട്ടർ

അതോറിറ്റിയും പഞ്ചായത്ത് അധികൃതരും സംയുക്തമായി പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് റിപ്പോർട്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ഇരു കൂട്ടരും അംഗീകരിക്കണം. പടിയൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ ആകെ 47ടാപ്പുകൾക്ക് വെള്ളക്കരം ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ 2,33,631രൂപ ഒടുക്കിയിട്ടുണ്ട്. സംയുക്ത പരിശോധനാറിപ്പോർട്ടിന്റെ അഭാവത്തിൽ ഒടുക്കുതുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 22.09.2016ന് ബ്ലാത്തൂർ മേഖലയിൽ മാത്രമായാണ് സംയുക്ത പരിശോധന നടത്തിയിട്ടുള്ളത്. ഈ റിപ്പോർട്ട് പ്രകാരം 16 ടാപ്പുകൾ മാത്രമാണുള്ളത്. പഞ്ചായത്തിന്റെ മറ്റ് മേഖലകളിൽ പരിശോധന നടത്തിയിട്ടില്ല. റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

2) സർക്കുലർ നമ്പർ65529/ഡി.സി3/12.ത.സ്വ.ഭ.വ. 27.03.2013 പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. ആയതിനുള്ള ടെക്നിക്കൽ സഹായം കെ.എസ്.ഇ.ബി. നൽകുന്നതും ആവശ്യമായ തുക കെ.എസ്.ഇ.ബി. യിൽ ഒടുക്കേണ്ടതുമാണ്. എന്നാൽ പടിയൂർ ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല. കൂടാതെ പഞ്ചായത്തധികൃതരും കെ.എസ്.ഇ.ബി അധികൃതരും സംയുക്തമായി തെരുവ്വിളക്കുകളുടെ പരിശോധന നടത്തിയിട്ടില്ല.

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനും പഞ്ചായത്തധികൃതരും കെ.എസ്.ഇ.ബി അധികൃതരും സംയുക്തമായി തെരുവ്വിളക്കുകളുടെയും വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് വാട്ടർ ടാപ്പുകളുടെയും പരിശോധന നടത്താൻ വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 3-5 ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ഇ.എം.എസ് ഭവനപദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണത്തിനു തെരഞ്ഞെടുക്കപ്പെട്ട ഏതാനും ഗുണഭോക്താക്കൾ ധനസഹായത്തിന്റെ ഏതാനും ഗഡുക്കൾ കൈപ്പറ്റുകയും തുടർന്ന് ഭവനനിർമ്മാണം നിർത്തിവെക്കുകയും ചെയ്തതായി കാണുന്നു. ഇതുസംബന്ധിച്ച് മുൻവർഷ റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | വർഷം | നിർമ്മാണ ഘട്ടം | അർഹമായ തുക | നൽകിയ തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | സീത ആര്യങ്കോട് കോളനി, പടിയൂർ (പട്ടിക വർഗ്ഗം) | 2010-11 | ചുമർ | 1,25,000 | 1,12,500 | 12,500 |
| 2 | ചെമ്പൻ ആര്യങ്കോട് കോളനി, പടിയൂർ (പട്ടിക വർഗ്ഗം) | -ടി- | -ടി- | -ടി- | -ടി- | -ടി- |
| 3 | നടരാജൻ വളപാറ ലക്ഷം വീട് കോളനി, പടിയൂർ (മരണപ്പെട്ടു) | -ടി- | -ടി- | -ടി- | 73207 | 51793 |
| 4 | ചാക്കോ ചേലക്കുന്നേൽ, വള്ളിത്തല | -ടി- | തറ | 75,000 | 22,500 | 52,500 |
| 5 | മാധവി അരിങ്ങോട്ടിൽ, കല്യാട് | -ടി- | ചുമർ | -ടി- | 52,500 | 22,500 |
| 6 | ലക്ഷ്മി സുബ്രഹ്മണ്യൻ, | -ടി- | -ടി- | 1,25,000 | 53,125 | 71,875 |

| | | | | | | |
|---|---|---|---|---|---|---|
| | ചടച്ചിക്കുണ്ടം കോളനി (പട്ടികവർഗ്ഗം) | | | | | |

ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 ഐ.എ.വൈ. വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറൽ -- വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - ചെലവ് തുക ₹ 35,000 തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 2015-16 വർഷത്തെ താഴെ കൊടുത്ത പ്രൊജക്ടുകൾ പ്രകാരം ഐ.എ.വൈ. ഭവന പദ്ധതി (സംയുക്ത പദ്ധതി) നടപ്പിലാക്കുന്നതിലുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | 31/16 | 30/16 |
|---|---|---|
| പ്രൊജക്ടിന്റെ പേര് | ഐ.എ.വൈ. വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറൽ | ഐ.എ.വൈ. വിഹിതം ബ്ലോക്ക്പഞ്ചായത്തിന് കൈമാറൽ |
| അടങ്കൽ തുക | 25,000വികസനഫണ്ട്<br>ടി.എസ്.പി | 2,00,000/- വികസന ഫണ്ട്<br>എസ്.സി.പി. |
| ഭരണാനുമതി നമ്പർ | 43(1) തീ. 11.05.2015 | 43(1) തീ. 11.05.2015 |
| ബിൽ നമ്പർ | 12 /27.02.2016 | 24 /23.03.2016 |
| ഡി.ഡി.നമ്പർ | 319676/ 02.03.2016 | 320522/ 29.03.2016 |
| കൈപ്പറ്റ് രശീത് നമ്പർ | 11508400030/16.03.2016<br>സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 11508400039/29.03.2016<br>സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് |
| ആകെ ചെലവ് | 25,000 രൂപ | 10,000 രൂപ |

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മേൽ തുകയ്ക്ക് കൈപ്പറ്റ് രശീതി നൽകിയിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ ചെലവ് തുക ₹ 35,000 തടസ്സപ്പെടുത്തുന്നു.

## 3-7 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം - അധികം ചെലവ് ചെയ്ത തുക ₹ 3,859 അംഗീകരിക്കുന്നില്ല - ₹36,000 തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കൊടുത്ത പ്രൊജക്ട് പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന് ആകെ 39,859 രൂപ ചെലവു ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 35/16 |
| പ്രൊജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം |
| അടങ്കൽ തുക | 1,00,000/- വികസന ഫണ്ട് (ടി.എസ്..പി.) |
| ഭരണാനുമതി നമ്പർ | 43(1) തീ. 11.05.2015 |
| ബിൽ നമ്പർ | 15 /14.3.2016 തുക 3,915 (ഡി.ഡി.നമ്പർ 320688/ 31.03.16)<br>16 /14.3.2016 തുക 35,944 (ഡി.ഡി.നമ്പർ 320690/ 31.03.16) |
| കൈപ്പറ്റ് രശീതി നമ്പർ | 17917/Nil, സിഡ്കോ<br>Nil/24.3.16 .ഗ്ലോബൽ അസോസിയേറ്റ്സ്. |
| ആകെ ചെലവ് | 39,859 രൂപ |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങിനൽകുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം സിഡ്കോയിൽ നിന്ന് 3993.76 രൂപ നിരക്കിൽ 9 സ്റ്റീൽ മേശയും ഗ്ലോബൽ അസോസിയേറ്റ്സിൽ നിന്ന് 435 രൂപ നിരക്കിൽ 9 ഫൈബർ കസേരയും വാങ്ങി നൽകിയിട്ടുണ്ട്. ഒരു കുട്ടിക്ക് 4428.76 രൂപ നിരക്കിൽ 9 കുട്ടികൾക്ക് ആകെ 39,859 രൂപ ഫർണ്ണിച്ചർ വാങ്ങി നൽകിയ വകയിൽ ചെലവു ചെയ്തിട്ടുണ്ട്.

(1) ഫർണ്ണിച്ചർ വാങ്ങുന്നതിന് ഒരു വിദ്യാർത്ഥിക്ക് പരമാവധി 4,000 രൂപ മാത്രമേ അനുവദനീയമായിട്ടുള്ളൂ എന്നിരിക്കെ 4,428.76 രൂപ നിരക്കിൽ ചെലവഴിച്ച നടപടി ശരിയല്ല. ഒരു വിദ്യാർത്ഥിക്ക് 428.76 രൂപ പ്രകാരം 9 വിദ്യാർത്ഥികൾക്ക് ആകെ അധികം ചെലവഴിച്ച തുക ₹3,859 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(2) സ.ഉ.(എം.എസ്.) 362/2013/ത.സ്വ.ഭ.വ. തി.16.11.2013 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 ഖണ്ഡിക 6.8 (3) പ്രകാരം എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്റ്റീൽ/മരം കൊണ്ട് നിർമ്മിച്ച ഫർണ്ണിച്ചർ മാത്രമേ വാങ്ങി വിതരണം നടത്താവൂ. എന്നാൽ ഇവിടെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫൈബർ കൊണ്ട് നിർമ്മിച്ച കസേരയാണ് വാങ്ങി നൽകിയിരിക്കുന്നത്. ആയതിനാൽ ആകെ ചെലവ് ചെയ്ത 39,859രൂപയിൽ അംഗീകരിക്കാത്ത തുക ₹ 3,859 കുറവ് ചെയ്ത് ബാക്കി തുക 36,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം - അധികം ചെലവ് ചെയ്ത തുക ₹ 6,860 അംഗീകരിക്കുന്നില്ല - 64,000 രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കൊടുത്ത പ്രൊജക്ട് പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന് ആകെ 70,860 രൂപ ചെലവു ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 116/16 |
| പ്രൊജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം |
| അടങ്കൽ തുക | 80,000 വികസന ഫണ്ട് (എസ്.സി.പി.) |

| | |
|---|---|
| ഭരണാനുമതി നമ്പർ | 43(1) തീ. 11.05.2015 |
| ബിൽ നമ്പർ | 8 /16.2.2016 തുക 63,900 (ഡി.ഡി.നമ്പർ 319811/ 19.02.16)<br>14 /14.3.2016 തുക 6,960 (ഡി.ഡി.നമ്പർ 320689/ 31.03.16) |
| കൈപ്പറ്റ് രശീതി നമ്പർ | 17918/Nil 63,900/- സിഡ്കോ<br>100/24.02.2016 6,960/- ഗ്ലോബൽ അസോസിയേറ്റ്സ് |
| ആകെ ചെലവ് | 70,860രൂപ |

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം സിഡ്കോയിൽ നിന്ന് 3993.76 രൂപ നിരക്കിൽ 16 സ്റ്റീൽ മേശയും ഗ്ലോബൽ അസോസിയേറ്റ്സിൽ നിന്ന് 435 രൂപ നിരക്കിൽ 16 ഫൈബർ കസേരയും വാങ്ങി നൽകിയിട്ടുണ്ട്. ഒരു കുട്ടിക്ക് 4428.76 രൂപ നിരക്കിൽ 16 കുട്ടികൾക്ക് ആകെ 70,860 രൂപ ഫർണ്ണിച്ചർ വാങ്ങി നൽകിയ വകയിൽ ചെലവു ചെയ്തിട്ടുണ്ട്.

(1) സ.ഉ.(എം.എസ്.) 362/2013/ത.സ്വ.ഭ.വ. തി.16.11.2013 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 ഖണ്ഡിക 6.8 (3) പ്രകാരം എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് ഒരു വിദ്യാർത്ഥിക്ക് പരമാവധി 4,000 രൂപ മാത്രമേ അനുവദനീയമായിട്ടുള്ളൂ എന്നിരിക്കെ 4,428.76 രൂപ നിരക്കിൽ ചെലവഴിച്ച നടപടി ശരിയല്ല. ഒരു വിദ്യാർത്ഥിക്ക് 428.76 രൂപ പ്രകാരം 16 വിദ്യാർത്ഥികൾക്ക് ആകെ അധികം ചെലവഴിച്ച തുക ₹6,860 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(2) കൂടാതെ മേൽ ഉത്തരവ് പ്രകാരം എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്റ്റീൽ/മരം കൊണ്ട് നിർമ്മിച്ച ഫർണ്ണിച്ചർ മാത്രമേ വാങ്ങി വിതരണം നടത്താവൂ. എന്നാൽ ഇവിടെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫൈബർ കൊണ്ട് നിർമ്മിച്ച കസേരയാണ് വാങ്ങി നൽകിയിരിക്കുന്നത്. ആയതിനാൽ ആകെ ചെലവ് ചെയ്ത 70,860 രൂപയിൽ അംഗീകരിക്കാത്ത തുക ₹ 6,860 കഴിച്ച് ബാക്കി തുക 64,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - ഡ്രൈവിംഗ് ലൈസൻസുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹ 2,08,500 തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച.സി) നിർവ്വഹണം നടത്തിയ താഴെ കൊടുത്ത പ്രൊജക്ട് പ്രകാരം ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകുന്നതിന് ആകെ ₹ 2,08,500 രൂപ ചെലവു ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച.സി) |
| പ്രോജക്ട് നമ്പർ | 100/16 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക്<br>സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകൽ |

| | |
|---|---|
| | |
| വകയിരുത്തിയ തുക | ₹ 2,25,000 (വികസന ഫണ്ട്) |
| ഭരണാനുമതി നമ്പർ | 43(1) /2016 തീയ്യതി 11.05.2015 |
| ചെലവ് തുക | ₹ 2,08,500 |
| ബിൽ നമ്പർ/തീയ്യതി | 4 /2015-16 തീയ്യതി 31.3.2016 |

മേൽ പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി (1) സിജു.കെ. (2) ജോസ്.എ ജെ. (3) ജിവീഷ.എം.ഒ. എന്നിവർക്ക് കെൽട്രോൺ സൈഡ് വീലുകൾ ഘടിപ്പിച്ച് നൽകിയ 3മഹീന്ദ്ര റോഡിയൊ സ്കൂട്ടറുകൾ നൽകിയിട്ടുണ്ട്. ഇവരുടെ ഡ്രൈവിംഗ് ലൈസൻസുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഭിന്നശേഷിയുള്ളവരുടെ ആവശ്യത്തിനായി നൽകിയ വാഹനം അവർ തന്നെ ഉപയോഗിക്കുന്നുണ്ടെന്ന ഉറപ്പ് വരുത്തുന്നതിനായി അവർ ഡ്രൈവിംഗ് ലൈസൻസ് നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആയതിനാൽ ചെലവ് തുക ₹ 2,08,500 തടസ്സപ്പെടുത്തുന്നു.

## 3-10 എൻ.എ.സി ലഭ്യമാക്കാതെ ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങി - ചെലവ് തുക ₹30,000/- തടസ്സപ്പെടുത്തുന്നു

2015-16 വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ₹ 1,99,730 ചെലവഴിച്ച് നിർവ്വഹണം നടത്തിയ സാന്ത്വന പരിചരണം എന്ന പ്രൊജക്റ്റിന്റെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

| | |
|---|---|
| നിർവ്വഹോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (PHC) |
| പ്രോജക്റ്റ് നമ്പർ | 79/16 |
| പ്രോജക്റ്റിന്റെ പേര് | സാന്ത്വന പരിചരണം |
| വകയിരുത്തിയ തുക | ₹ 3,00,,000 (വികസന ഫണ്ട്) |
| ഭരണാനുമതി നമ്പർ | 43(1) 11.05.2015 |
| ആകെ ചെലവ് | ₹ 1,99,730 /- |
| ബിൽ നമ്പർ/തീയ്യതി | 3 /15-16 തീ: 16.03.2016, 69,410 രൂപ |
| ഡി.ഡി.നമ്പർ | 32032/22.03.16 |
| കൈപ്പറ്റ് രശീതി | നമ്പർ - ഇല്ല / തീ .04.04.2016.ഔഷധി |

(1) മേൽ ബിൽ പ്രകാരം മാറിയ 69,410 രൂപയിൽ നിന്നും 30,000 രൂപ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങാൻ വേണ്ടി ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 31.3.2016 ന് 19,108 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. (ഇൻഡന്റ്. 3986/31.3.2016). ബാക്കി 7,294 രൂപയുടേത് 23.6.16 നം 3,598 രൂപയുടേത് 13.7.2016നം ആണ് ലഭ്യമാക്കിയത്. സർക്കുലർ നമ്പർ 13160/ ഡി.എ.1./2010/ ത.സ്വ.ഭ.വ. തീയ്യതി 28.11.2010 പ്രകാരം പണം നൽകി 60 ദിവസത്തിനുള്ളിൽ ഔഷധി മരുന്ന് ലഭ്യമാക്കേണ്ടതാണ്. അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് ഔഷധി നഷ്ടപരിഹാരം നൽകണം. എന്നാൽ 4 മാസം കഴിഞ്ഞാണ് ഔഷധി മരുന്ന് വിതരണം പൂർത്തിയാക്കിയത്. ഇതിൽ കൈക്കൊണ്ട നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

(2) സ.ഉ.(എം.എസ്.)നമ്പർ362/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം 16.11.2013 പ്രകാരമുള്ള മാർഗ്ഗ രേഖയിലെ അനുബന്ധം 1 ഖണ്ഡിക 7(ii) പ്രകാരം ബന്ധപ്പെട്ട ഡി.എം.ഒ യിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതിന് ശേഷം മാത്രമേ ഔഷധിയിൽ നിന്ന് ആയുർവേദ ഔഷധങ്ങൾ വാങ്ങാവൂ. എന്നാൽ അത്തരം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങിയിട്ടുള്ളത്. ആയതിനാൽ ചെലവ് തുക ₹30,000 തടസ്സപ്പെടുത്തുന്നു.

## 3-11 ഹോമിയോ (NRHM)ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല. ചെലവ് തുക ₹1,50,000 തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (ആയുർവേദം) ആണ് പടിയൂർ പഞ്ചായത്തിൽ NRHM ഹോമിയോ ഡിസ്പൻസറി ക്കാവശ്യമായ മരുന്ന് വാങ്ങൽ പ്രൊജക്ട് നടപ്പിലാക്കിയത്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

| | |
|---|---|
| നിർവ്വഹോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| പ്രോജക്ട് നമ്പർ | 103/16 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തിയ തുക | ₹1,50,000 .MGNR |
| ചെലവ് തുക | ₹1,50,000 .MGNR |
| ബിൽ നമ്പർ/തീയ്യതി | 5 /29.02.2016 /-1,50,000/- |
| ഭരണാനുമതി നമ്പർ | 43(1)11.05.2015 |
| ഡി.ഡി.നമ്പർ | 319931/29.02.2016 |
| രശീതി നമ്പർ | 1334/08.03.2016 HOMCO |

മേൽ പ്രൊജക്ടിന്റെ നടത്തിപ്പിനു വേണ്ടി ബ്ലാത്തൂർ NRHM ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ (ഹോമിയോ) എൻ.എ.സി. ലഭിക്കുന്നതിനുവേണ്ടി 05.10.2015 ന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയതിനെതുടർന്ന് 07.10.2015 ന് മെഡിക്കൽ ഓഫീസർ ആയത് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കയിലൂർ NRHM (ഹോമിയോ) ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ 06.01.2016നാണ് എൻ.എ.സിക്കുള്ള അപേക്ഷ നൽകിയത്. 03.02.2016 നാണ് എൻ.എ.സി ലഭ്യമായത്.

എൻ.എ.സി ലഭിക്കുന്നതിന് കുയിലൂർ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ യഥാസമയം അപേക്ഷ നൽകാതിരുന്നത് കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. മരുന്ന് വിതരണം നടത്തുന്നതിന് കേരള സംസ്ഥാന ഹോമിയോപതിക്ക് സഹകരണ ഫാർമസിയുടെ ഇൻവോയ്സ് (P.F.1039/28.12.2015) ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 13.12.20116 വരെയും(ഓഡിറ്റ് തീയതി) മരുന്ന് ഡിസ്പെൻസറികളിൽ ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ ചെലവ് തുക ₹1,50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-12** മുട്ടക്കോഴി വിതരണം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയിട്ടില്ല – ചെലവഴിച്ച **₹ 2,47,440** തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 52/16 |
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴി വിതരണം |
| വകയിരുത്തിയ തുക | ₹ 1,20,000 (വികസന ഫണ്ട്)<br>₹ 1,27,440 (ഗുണഭോക്തൃ വിഹിതം - സ്ഥാപനം മുഖേന)<br>₹ 2,47,440 (ആകെ) |
| ഭരണാനുമതി നമ്പർ | 43(1) തീ.11/05/2015 |
| ചെലവ് തുക | ₹ 1,20,000 (വികസന ഫണ്ട്)<br>₹ 1,27,440 (ഗുണഭോക്തൃ വിഹിതം - സ്ഥാപനം മുഖേന)<br>₹ 2,47,440 (ആകെ) |
| ബിൽ നമ്പർ /തീയ്യതി<br>ചെക്ക് നമ്പർ /തീയ്യതി | 2/15-16 തീയ്യതി 19-03-2016 ₹ 99,722<br>3/15-16 തീയ്യതി 15-03-2016 ₹ 20,278<br>11/15-16 തീയ്യതി 17-03-2016 ₹ 20,000<br>1144036 തീയ്യതി 16-03-2016 ₹ 1,27,440 |

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട 240 വനിതകൾക്ക് മുട്ടക്കോഴി വിതരണം ചെയ്യാൻ മേൽ പ്രോജക്ട് പ്രകാരം ആകെ ₹ 2,47,440 (ഒരാൾക്ക് ₹ 1,031നിരക്കിൽ) ചെലവഴിച്ചിട്ടുണ്ട്.

1. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 547 പേർ ഉൾപ്പെടുന്നുണ്ടെങ്കിലും അതിൽ ആർക്കൊക്കെയാണ് ആനുകൂല്യം അനുവദിക്കപ്പെട്ടതെന്ന് വ്യക്തമാകുന്നില്ല. ഹാജരാക്കിയ രേഖകൾ അപൂർണ്ണമാണ്. അക്വിറ്റൻസ് റോൾ ക്രമനമ്പറിട്ടു സൂക്ഷിക്കുകയോ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.
2. ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.
3. സ.ഉ. (എം.എസ്) നമ്പർ 362/2013/ത.സ്വ.ഭ.വ. തീയ്യതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 ഖണ്ഡിക 3.2 പ്രകാരം നിശ്ചയിക്കപ്പെട്ട താഴെ കൊടുത്ത അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്ന രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(1) കുടുംബവാർഷിക വരുമാനം 50,000 രൂപയിൽ താഴെയായിരിക്കണം

(2) ഗുണഭോക്താക്കൾ നാമമാത്ര /ചെറുകിട കർഷകർ ആയിരിക്കണം

(3) സ്വന്തമായി കോഴിക്കൂട് ഉണ്ടായിരിക്കണം

മേൽപ്പറഞ്ഞ കാരണങ്ങളാലും ആനുകൂല്യത്തിനുള്ള ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയിട്ടില്ലാത്ത തിനാലും 2,47,440 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയിട്ടില്ല – ചെലവഴിച്ച ₹ 1,87,500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 54/16 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| വകയിരുത്തിയ തുക | ₹ 1,87,500 (വികസന ഫണ്ട്)<br>₹ 1,87,500 (സംസ്ഥാനാവിഷ്കൃത പദ്ധതി)<br>₹ 3,75,,000 (ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| ഭരണാനുമതി നമ്പർ | 43(1) തീ.11/05/2015 |
| ചെലവ് തുക | ₹ 1,87,500 (വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയ്യതി | 1/15-16 തീയ്യതി 05-02-2016 ₹ 1,87,500 |

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട 30 ഗുണഭോക്താക്കൾക്ക് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി മേൽ പ്രോജക്ട് പ്രകാരം ആകെ ₹ 1,87,500 (ഒരാൾക്ക് ₹ 6,250 നിരക്കിൽ) ജില്ലാതല നിർവഹണോദ്യോഗ സ്ഥനായ SLBP ഡെപ്യൂട്ടി ഡയരക്ടർക്ക് നൽകിയിട്ടുണ്ട്.

(രശീതി തീയ്യതി 11-03-2016).

1. ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.
2. സ.ഉ. (എം.എസ്) നമ്പർ 362/2013/ത.സ്വ.ഭ.വ. തീയ്യതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 ഖണ്ഡിക 3.2 പ്രകാരം നിശ്ചയിക്കപ്പെട്ട താഴെ കൊടുത്ത അർഹതാമാനദണ്ഡങ്ങൾ തെളിയിക്കുന്ന രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(1) കുടംബവാർഷിക വരുമാനം 50,000 രൂപയിൽ താഴെയായിരിക്കണം

(2) ഗുണഭോക്താക്കൾ നാമമാത്ര /ചെറുകിട കർഷകർ ആയിരിക്കണം

(3) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ കാരണങ്ങളാലും ആനുകൂല്യത്തിനുള്ള ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയിട്ടില്ലാത്തതിനാലും 1,87,500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 സ്ഥിരം /പൂർണ്ണസമയ ജീവനക്കാരുടെ അഭാവം - എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ പടിയൂർ പഞ്ചായത്തിന് അനുവദി ക്കപ്പെട്ട തസ്തികകൾ, ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാർ എന്നിവ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | തസ്തിക | അനുവദി ക്കപ്പെട്ട എണ്ണം | ഓഡിറ്റ് വർഷം ലഭ്യമായത് | ഇപ്പോൾ നിലവിലുള്ളത് |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 | 1 |
| 2 | ഓവർസീയർ ഗ്രേഡ്-1 | - | - | - |
| 3 | ഓവർ സീയർ ഗ്രേഡ്-2 | 1 | 1 | 1 |
| 4 | ഓവർ സീയർ ഗ്രേഡ്-3 | 1 | - | |
| 5 | ക്ലാർക്ക് | - | - | - |
| | ആകെ | 3 | 2 | |

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ പടിയൂർ പഞ്ചായത്തിന് അനുവദിക്കപ്പെട്ട 3 തസ്തികകളിൽ 2 പേർ മാത്രമാണ് ഓഡിറ്റ് വർഷം ലഭ്യമായിരുന്നത്. പയ്യാവൂർ, ഏരുവേശ്ശി, ഉളിക്കൽ പഞ്ചായത്തുകളുടെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർക്കായിരുന്നു ഓഡിറ്റ് വർഷം പടിയൂർ പഞ്ചായത്തിന്റെ കൂടി ചുമതല. പടിയൂർ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിലവിൽ ഉളിക്കൽ പഞ്ചായത്തിന്റെ കൂടി ചുമതല വഹിക്കുന്നുണ്ട്. സ്ഥിരം /പൂർണ്ണ സമയ ജീവനക്കാരുടെ

അഭാവം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

അംഗീകാരം ലഭിച്ച 54 പ്രൊജക്ടുകൾക്കായി 1,65,14,531 രൂപ വകയിരുത്തിയതിൽ 1,47,69,118 രൂപ ( 89.43 ശതമാനം) മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്.

ഒരു അസിസ്റ്റന്റ് എഞ്ചിനീയരും ഒരു ഓവർസീയറും മാത്രമുള്ള അവസ്ഥയിൽ സാമാന്യം വലിയ രണ്ടു പഞ്ചായത്തുകളിലെ പദ്ധതിനിർവ്വഹണം ഒരേ സമയം നടത്തുകയെന്നത് ബുദ്ധിമുട്ടേറിയ കാര്യമാണ്. ക്ലറിക്കൽ ജീവനക്കാരന്റെ അഭാവം കാരണം ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളും ശരിയായ രീതിയിൽ നടക്കുന്നില്ല.

കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ അപേക്ഷയിന്മേൽ പരിശോധന നടത്താനും സ്കൂളുകൾ, അങ്കണവാടികൾ ഉൾപ്പെടെയുള്ളവയ്ക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകാനും ഭവനനിർമ്മാണത്തിന് സ്റ്റേജ് / വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകാനും കൂടി എഞ്ചിനീയറിംഗ് വിഭാഗജീവനക്കാരുടെ സേവനം വിനിയോഗിക്കേണ്ടിവരുന്നത് പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## 3-15 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - പൊതു അവലോകനം

പടിയൂർ പഞ്ചായത്ത് പരിധിയിൽ ആകെ 25 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. പഞ്ചായത്തിൽ ആറ് വയസ്സിന് താഴെ പ്രായമുള്ള 736 കുട്ടികൾ ഉണ്ട്. ആയതിൽ മൂന്ന് വയസ്സിൽ താഴെ പ്രായമുള്ള 407 കുട്ടികൾക്ക് THRS പദ്ധതിയുടെ ഭാഗമായി പോഷകാഹാരം വിതരണം ചെയ്തുവരുന്നുണ്ട്. 3 മുതൽ 6വരെ പ്രായമുള്ള 329 കുട്ടികൾക്ക് അങ്കണവാടിയുടെ സേവനം ലഭിക്കുന്നുണ്ട്, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന 25 അങ്കണവാടികളിൽ 24എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്. ബാക്കി ഉള്ള ഒരെണ്ണം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 25 അങ്കണവാടികളിൽ ഒരെണ്ണത്തിന് മാത്രമേ വൈദ്യുതി സൌകര്യം ഉള്ളൂ. 6 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കുടിവെള്ള സൌകര്യം ഉള്ളത്. ബാക്കി ഉള്ളവ പൊതുകിണറുകളെയും പൈപ്പ് വഴിയുള്ള വെള്ളത്തെയുമാണ് ആശ്രയിക്കുന്നത്. എല്ലാഅങ്കണവാടികളും ഭക്ഷണം പാകം ചെയ്യാനും വിളമ്പാനും സൌകര്യമുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിച്ച് വരുന്നത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വെൽഫെയർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 14 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ളത്. ശിശു സൗഹൃദ ടോയിലറ്റുകൾ ഒരു അങ്കണവാടിയിലും നിർമ്മിച്ചിട്ടില്ല. സർക്കുലർ നമ്പർ 31055/DC2/2011/തസ്വഭവ 22.3.2011 പ്രകാരം എല്ലാവർഷവുംമെയ് 10 - നകം തദ്ദേശഭരണസ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കളിപ്പാട്ടങ്ങളുടെ ലഭ്യതക്കുറവും 19 അങ്കണവാടികൾക്ക് സ്വന്തമായി കുടിവെള്ള സൌകര്യമില്ല എന്നതും 5 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല എന്നുള്ളതും അങ്കണവാടികളുടെ നടത്തിപ്പിലെ പോരായ്മയാണ്. സംയോജിത ശിശുവികസന പദ്ധതി(ICDS)ക്കു വേണ്ടി ലഭിച്ച കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ 1,87,829 രൂപ തൻവർഷം വിനിയോഗിക്കാതെ കിടക്കുമ്പോഴാണ് ആവശ്യത്തിന് ഭൗതിക സാഹചര്യമില്ലാത്ത അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 പാലിയേറ്റീവ് പരിചരണം- അവലോകനം

കാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശരോഗികൾ, പക്ഷാഘാതം പോലുള്ള രോഗങ്ങളാൽ

ശരീരം തളർന്നു കിടപ്പിലായവർ, ദീർഘകാല ചികിത്സ ആവശ്യമുള്ള പ്രമേഹ രോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ, ദീർഘകാല മാനസീകരോഗമുള്ളവർ, പ്രായാധിക്യം കാരണം ബുദ്ധിമുട്ടനുഭവിക്കുന്നവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിനകാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികൾക്ക് ആരോഗ്യവകുപ്പ്, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള സംഘടനകൾ എന്നീ മൂന്നുവിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനാണ് പാലിയേറ്റീവ് പരിചരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

പടിയൂർ ഗ്രാമപഞ്ചായത്തിൽ 2012-13 വർഷമാണ് പാലിയേറ്റീവ്കെയർ പ്രവർത്ത നങ്ങൾ ആരംഭിച്ചിട്ടുള്ളത്. സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഗുണഭോക്താ ക്കളായി കണ്ടെത്തിയ 1100 രോഗികൾക്ക് തൻവർഷം പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിൽ 288 പേർ പരിചരണകാലയളവിൽ മരണപ്പെട്ടിട്ടുണ്ട്. ഓഡിറ്റ വർഷം രോഗികൾ ക്കാവശ്യമായ വീൽചെയർ, കമ്മോഡ് ചെയർ എന്നീ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തരോഗികളുടെ രജിസ്റ്റർ തയ്യാറാക്കി യിട്ടുണ്ട്. ഹോംകെയർ സംവിധാനത്തിലൂടെ ഓരോമാസവും ബാത്ത്, കത്തീറ്ററൈസേഷൻ, ബെഡ്സോർ ഡ്രസ്സിങ്, രക്തസമ്മർദ്ദ പരിശോധന, പ്രമേഹ രോഗപരിശോധന, ഔഷധങ്ങൾ നൽകൽ തുടങ്ങി വിവിധങ്ങളായ സേവനങ്ങൾ നൽകിവരുന്നുണ്ട്. പാലിയേറ്റീവ് പരിചരണത്തിൽ സാമൂഹിക സംഘടനകൾ, മറ്റു സർക്കാരിതര സംഘടനകൾ, എന്നിവയുടെയൊന്നും സഹായങ്ങൾ ലഭിച്ചിട്ടില്ല. ആശ്രയ കുടുംബങ്ങളിലെ രോഗികൾ മുഴുവനായും പാലിയേറ്റീവ് പരിചരണം പ്രോജക്ടിന്റെ രോഗികളുടെ ലിസ്റ്റിലുൾപ്പെട്ടിട്ടില്ല. ഹോംകെയർടീം പ്രതിദിനം 8 മുതൽ 10 വരെ രോഗികളെ സന്ദർശിക്കുന്നുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി മാസന്തോറും അവലോകനയോഗങ്ങൾ നടത്താറുണ്ട്. ഹോംകെയർടീമിന്റെ യാത്രാചെലവ് ഇനത്തിൽ തൻവർഷം 1,84,800 രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്മോഡ് ചെയർ, വാട്ടർബെഡ്, എയർബെഡ് എന്നീ ഉപകരണങ്ങൾ പാലിയേറ്റീവ് പരിചരണത്തിലുള്ള വർക്ക് വാങ്ങിനൽകിയിട്ടുണ്ട്. തൻവർഷം S059/2016 (സാന്ത്വന പരിചരണം) എന്ന പ്രോജക്ടിനായി 5,00,000 രൂപ വകയിരുത്തുകയും ആകെ 426316 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## 3-17 ദുരിതാശ്വാസനിധി - അവലോകനം

കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ 2003 പ്രകാരം പടിയൂർ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപവൽക്കരിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് (എസ് ബി അക്കൗണ്ട് നം.40484100004867) പടിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പടിയൂർ ശാഖയിൽ ആരംഭിക്കുകയും സംഭാവനയിലൂടെയും മറ്റുമായി നിധിയിലേക്ക് ധനം സമാഹരിക്കുകയും ചെയ്തിട്ടുണ്ട് .

2015-16 വർഷത്തെ ദുരിതാശ്വാസ നിധി കണക്കിന്റെ സംക്ഷിപ്ത വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 51,582 |
| വരവ് | 26,800 |

| | |
|---|---|
| പലിശ വരവ് | 1,107 |
| ആകെ | 79,489 |
| ചെലവ് | 51,000 |
| നീക്കിയിരിപ്പ് | 28,489 |

ഓഡിറ്റ് വർഷം ലഭിച്ച 29 അപേക്ഷകരിൽ നിന്നും 26 പേർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ/ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾക്കായി സബ്കമ്മിറ്റി രൂപീകരി ച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം 8 തവണ ഈ കമ്മിറ്റി യോഗം ചേരുകയും അപേക്ഷകളിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

## 3-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

(1) ഗ്രാമീണ മേഖലയിൽ തൊഴിൽ എടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള കുടുംബത്തിന് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തു ന്നതിനാണ് തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ആദിവാസികൾ, എസ്.സി, എസ്.ടി, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സുരക്ഷിതത്വവും സാമൂഹിക പുരോഗതിയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(2) പടിയൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം ഈ പദ്ധതിക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം

| മുന്നിരിപ്പ് | വരവ് (പലിശയടക്കം) | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|
| 0 | ₹1,13,85,041 | ₹1,13,85,041 | ₹1,13,83,268 | 1773 | 99% |

തൻവർഷത്തെ മൊത്തം ചെലവിന്റെ 3.85 ശതമാനം മാത്രമേ ഭരണച്ചെലവുണ്ടായിട്ടുള്ളു. തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തനതു ഫണ്ട് തുക ഒരു ലക്ഷം ടി അക്കൗണ്ടിൽ തിരിച്ചടക്കുകയുണ്ടായില്ല.

(3) 2015-16 വാർഷിക പദ്ധതി പ്രകാരം 426 പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരു ന്നതെങ്കിലും 166എണ്ണം (38 ശതമാനം) മാത്രമാണ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

(4) ആകെ 1879കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 14 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യം നിറവേറ്റാൻ

ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(5) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16-05-2007 ലെ 23283/ D.B/2/2007 നമ്പർ സർക്കുലർ പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് പ്രത്യേക പൌരാവകാശരേഖ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

(6) തൊഴിലുറപ്പിൽ ജോലി ചെയ്യുന്ന ബി.പി.എൽ കുടുംബങ്ങളെ മുഴുവൻ ആർ.എസ്.ബി.വൈ യിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. പരാതി പരിഹാരാർത്ഥം ആഴ്ചയിലൊരു ദിനം തൊഴിലുറപ്പ് ദിനമായി ആചരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല.

(7) ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ഗ്രാമസഭയിൽ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

## 3-19 ധനസഹായങ്ങളുടെ വിനിയോഗം - വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ല

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, പ്രത്യേകോദ്ദേശ്യ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് വേണ്ടി ലഭിച്ച തുകയിൽ ഗണ്യമായ ഭാഗം (വാർഷിക കണക്കിലെ ബി-4 ഷെഡ്യൂൾ കാണുക) ഓഡിറ്റ് വർഷാന്ത്യത്തിലും വിനിയോഗിക്കപ്പെടാതെ ശേഷിക്കുകയാണ്. പ്രധാനപ്പെട്ട ചില ഇനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സമ്പൂർണ്ണ ശുചിത്വ പരിപാടി | 1,09,852 |
| പശ്ചിമഘട്ട വികസന പദ്ധതി | 11,19,702 |
| സംയോജിത ശിശുപദ്ധതി | 1,87,829 |
| ഖരമാലിന്യ നിർമ്മാർജ്ജന പരിപാടി | 67,500 |
| എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതി | 10,721 |
| സാക്ഷരതാ പരിപാടി | 98,405 |

പ്രത്യേകോദ്ദേശ്യങ്ങൾക്കുവേണ്ടി ലഭിച്ച തുകകൾ യഥാസമയം വിനിയോഗിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ

ഇല്ല.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 30,906 | 32/16 | 30,906 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നെൽകൃഷിക്ക് കൂലി ചെലവിന് സബ്സിഡി (2014-15 Spill Over) | | |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 45,000 | 50/16<br>നെൽകൃഷിക്ക് കൂലി ചെലവിന് സബ്സിഡി | 45,000 | 0 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,25,000 | 26/16<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,25,000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2015-16 | 1,00,000 | 118/16<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |

## **4-3** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ /വൗച്ചർ/ ചെക്ക് നം | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 2015-16 | കേരള വാട്ടർ അതോറിറ്റി | ബ്ലാത്തൂർ ടൗൺ മുതൽ വട്ടക്കീൽമുക്ക് വരെ കേരള വാട്ടർഅതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ | 2,07,000 | വൗച്ചർ നം<br>21500877 തീ.<br>11.02.2016 | 0 | പ്രവൃത്തി നടന്നു വരുന്നു. | 2,07,000 |

## **4-4** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | ബിൽ നം/ വൗച്ചർ നം | മുൻകൂർ നൽകിയ തുക | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|---|
| | ഇല്ല. | | | | |

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പാ തുക ലഭിച്ച വർഷം | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | | ഇല്ല. | | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 10,010 |
| ആകെ | 10,010 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,010 |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപങ്ങളുടെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് | 10,010 | 4431/13.05.2015 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 ൽ ലഭിച്ച 1,44,450 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2000-01 | 3-4 | 3,274 | പുരുഷോത്തമൻ എൻ.കെ. മുൻ സെക്രട്ടറി | 11502100298 03-06-2015 (രൂ.75,590) |
| | 2001-02 | 3-8(2) | 7,500 | | |
| | | 3-9 | 11,835 | | |
| | | 7 | 3,581 | | |
| | 2005-06 | 3-1(1-2) | 43,400 | | |
| | | 3-1(2) | 6,000 | | |

| | | | | | |
|---|---|---|---|---|---|
| 2 | 2005-06 | 3/(2) | 700 | എം.എം.മോഹനൻ<br>മുൻ പ്രസിഡണ്ട് | 11502101070<br>12-10-2015(രൂ.700) |
| 3 | 2009-10<br>2010-11<br>2011-12 | 3-25(ജെ)<br>(കെ)<br>(എൻ)<br>(ക്യൂ)<br>(ആർ)<br>(എസ്)<br>(എക്സ്) | 1000<br>1476<br>3750<br>34,000<br>10,065<br>2,287<br>5,500 | അജീബ്.എസ്.<br>കൃഷി<br>ഓഫീസർ | 11502100840<br>(രൂ.58,078) |
| 4 | 2012-13<br>2013-14 | 2-3(2) | 112 | എൻ.ഡി. പ്രസാദ് | 11502100941<br>16-09-2015 |
| 5 | 2012-13<br>2013-14 | 2-4(2) | 1,250 | പ്രോപ്രൈറ്റർ<br>കുഞ്ഞാമിന സോമിൽ | 115025100941<br>06-08-2015 |
| 6 | 2012-13<br>2013-14 | 2-4(3) | 720 | ലൈസ ജെയിൻ<br>ഫാർമസി | 11502100793<br>24-08-2015 |
| 7 | 2012-13<br>2013-14 | 2-4(3)(1) | 2,500 | ദീപ അഗസ്റ്റിൻ | 11502101301<br>13-11-2015 |
| 8 | 2012-13<br>2013-14 | 2-4(3)(1) | 360 | രാജൻ.കെ.വി | 1502100868<br>07-09-2015 |
| 9 | 2012-13<br>2013-14 | 2-4(3)(1) | 360 | ശിവരാമൻ | 11502100860<br>04-09-2015 |
| 10 | 2012-13<br>2013-14 | 2-4(3)(1) | 240 | വി.ആർ.ബാലകൃഷ്ണൻ | 11502100850<br>04-09-2015 |
| 11 | 2012-13<br>2013-14 | 2-4(3)(1) | 240 | സി.കെ.രവീന്ദ്രൻ | 11502100961<br>19-09-2015 |
| 12 | 2012-13 | 2-4(3)(2) | 2,500 | ലൈസൻസി | 11502100722 |

| | | | | | |
|---|---|---|---|---|---|
| | 2013-14 | | | ടി.എസ്.നമ്പർ 32 | 12-08-2015 |
| | | | 1,800 | ബ്ലാത്തൂർ | 11502100723<br>12-08-2015 |
| | | ആകെ | 1,44,450 | | |

## 4-8 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,36,82,812 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,82,75,976 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,719 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,02,213 |

(*) റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 3,859 | ശ്രീമതി.സവിത.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 6,860 | ശ്രീമതി.സവിത.എം , അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 10,719 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,36,773 | ശ്രീ. ജെ.ആന്റണി, സെക്രട്ടറി |
| 3-2 | 2,07,000 | ശ്രീ. ജെ.ആന്റണി, സെക്രട്ടറി |
| 3-6 | 35,000 | ശ്രീമതി.സവിത.എം , അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 36,000 | ശ്രീമതി.സവിത.എം , അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 64,000 | ശ്രീമതി.സവിത.എം , അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 2,08,500 | ഡോ.ആരിഫ് ലത്തീഫ്,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 3-10 | 30,000 | ഡോ.ആരിഫ് ലത്തീഫ്,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 3-11 | 1,50,000 | ഡോ.അപർണ്ണ വിൽസൺ,<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-12 | 2,47,440 | ഡോ.നിഥിന ബാബുരാജ്, വെറ്റിനറി സർജൻ |
| 3-13 | 1,87,500 | ഡോ.നിഥിന ബാബുരാജ്, വെറ്റിനറി സർജൻ |
| ആകെ | 17,02,213 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

ഇല്ല.

## 4-11 ഓഡിറ്റ് ഇംപാക്ട്

ഇല്ല.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1999-2000 | എൽ.എഫ്.സി .10/764/03/25-09-2003 | |
| 2003-04 | എൽ.എഫ്. കെ എൻ ആർ/ഡി 1/759/10/10-07-2009 | |
| 2004-05 | എൽ.എഫ്. കെ എൻ ആർ/ഡി 1/760/10/10.0720.09 | |
| 2005-06 | കെ എസ് എ കെ എൻ ആർ ഡി 1/672/09/08.07.2010 | |

| | | |
|---|---|---|
| 2006-07 | കെ എസ് എ കെ എൻ ആർ ഡി1/513/10/19.03.2011 | |
| 2007-08 | കെ എസ് എ കെ എൻ ആർ സി 6/64/11/11.11.2011 | |
| 2008-09 | കെ എസ് എ കെ എൻ ആർ സി 6/65/11/14.12.2011 | |
| 2009-10<br>2010-11<br>2011-12 | കെ എസ് എ കെ എൻ ആർ സി1/416/2013/11.07.2013 | |
| 2012-13<br>2013-14 | കെ എസ് എ കെ എൻ ആർ സി 1/818/2015/03.07.2015 | |
| 2014-15 | കെ എസ് എ /കെ എൻ ആർ /സി 1/1448/2016/09-08-2016 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/

# Appendix - 1

# Audit Certificate

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ .എസ്.എ./കെ.എൻ.ആർ/സി4/2227/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ -670001.

ഇ-മെയിൽ: lfaddistofficeknr@gmail.com.

ഫോൺ: 0497 2707698.

തീയ്യതി: 23-01-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധി ച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, അതിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA/KNR/C4-2227/2016.

Kerala State Audit Department,
District Audit Office, Kannur,
E-Mail: lfaddistofficeknr@gmail.com.

Phone: 0497 2707698.

Date: 23-01-2017.

Certified that I have audited the Annual Financial Statement of Padiyoor Gramapanchayath in KANNUR District for the year ended on 31.3. 2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Padiyoor Gramapanchayath for the year 2015-16 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

DISTRICT AUDIT OFFICE, KANNUR.

# Appendix - 2

# Income & Expenditure statement

For the period from 01-April 2015 to 31 March 2016

Padiyoor Grama Panchayath

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 26,25,464 |
| 140000000 | Fee &User charges | I-4(b) | 8,42,848 |
| 150000000 | Sale &Hire Charges | I-5(b) | 3,31,469 |
| 160000000 | Revenue Grants,Funds, Contributions & Compensations | I-6 | 5,53,62,284 |
| 171000000 | Interest Earned | I-8 | 48,338 |
| 180000000 | Other Income | I-9 | 845 |
| A | Total Income | | 5,92,11,248 |
| Expenditure | | | |

| | | | |
|---|---|---|---|
| 210000000 | EstablishmentExpenses | I-10(b) | 69,09,856 |
| 220000000 | Administrative Expenses | I-11(b) | 5,32,126 |
| 230000000 | Operations &Maintanance | I-12(b) | 7,22,331 |
| 240000000 | Interest &Finance Charges | I-13 | 4,973 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 57,89,227 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 1,68,22,710 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 3,91,798 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 7,148 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | I-14(d) | 1,99,16,185 |
| 255000000 | Maintanance Projects | I-14(e) | 53,07,790 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 60,900 |
| 260000000 | Grants Comtributions and Compensations from Own Fund | I-15 | 12,000 |
| 272000000 | Depreciation | I-17(a) | 11,01,812 |
| B | Total – Expenditure | | 5,75,78,856 |
| C=A-B | *Gross Surplus/ Deficit of Income over Expenditure* | | 16,32,392 |
| D=280000000 | Prior period Item | I-18 | 10,56,456 |
| E=C-D | *Gross Surplus/Deficit of Income over Expenditure after prior period items* | | 5,75,936 |
| 290000000 | Transfer to reserve funds | | |

| | | | |
|---|---|---|---|
| | *Net Balance being surplus/Deficit carried over to Balance Sheet* (Panchayat Fund) | | |

# Appendix - 3

# Receipt And Payment Statement

For the period from 01 April 2015 to 31 March 2016

Padiyoor Grama Panchayath

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 1,32,82,255 |
| | Cash | RP-40(a) | 0 |
| | Receipts | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 5,16,970 |
| 140000000 | Fees &User Charges | RP- 4 | 8,18,578 |
| 150000000 | Sale &Hire Charges | RP- 5 | 3,27,569 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 68,24,500 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP- 9 | 48,388 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 2,09,85,670 |
| 350000000 | Other Liabilities | RP-36 | 13,11,044 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 845 |
| 311000000 | Earmarked funds | RP-29 | 27,907 |
| 340000000 | Deposits Received | RP- 34 | 79,250 |
| 350000000 | Other Liabilities | RP- 36 | 3,02,520 |
| 431000000 | Sundry Debtors(Receivables) | RP- 43 | 23,95,621 |
| 460000000 | Loans,Advances and Deposits | RP- 47 | 44,000 |
| Grand Total | | | 4,69,65,067 |
| Payments | | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 15,31,078 |
| 220000000 | Administrative Expenses | RP-12 | 5,32,126 |
| 230000000 | Operatations &Maintanance | RP-13 | 7,22,331 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 19,76,816 |
| 251000000 | Decentralised plan programme – Service Sector | RP-16 | 84,83,127 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 3,13,596 |
| 253000000 | Decentralised plan programme –Projects not included in | RP-18 | 7,148 |

| | | | |
|---|---|---|---|
| | sector | | |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 5,54,700 |
| 255000000 | Maintanance Projects | RP-20 | 53,07,790 |
| 256000000 | Other Revenue Grants and Funds – Revenue Expwnses | RP-21 | 1,13,300 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 12,000 |
| 280000000 | Prior Period Item | RP-26 | -2,06,578 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 8,847 |
| 350000000 | Other Liabilities | RP-36 | 53,70,097 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 4,973 |
| 280000000 | Prior Period Item | RP-26 | 0.00 |
| 311000000 | Earmarked Funds | RP-29 | 0.00 |
| 340000000 | Deposits Received | RP-34 | 1,54,800 |
| 350000000 | Other Liabilities | RP-36 | 14,64,650 |
| 410000000 | Fixed Assets | RP-38 | 53,27,436 |
| 412000000 | Capital Work In Progress | RP-40 | 61,61,089 |
| 460000000 | Loans,Advances and Deposits | RP-47 | 4,27,000 |
| | Closing Balance | | |
| | Bank | RP-40(b) | 85,94,349 |

| | | | |
|---|---|---|---|
| | Cash | RP-40(b) | 94,742 |
| Grand Total | | | 4,69,65,067 |

# Appendix - 4

# Balance Sheet

As on 31 – March -- 2016

Padiyoor Grama Panchayath

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| LIABILITIES | | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 33,23,122.80 |
| 311000000 | Earmarked Funds | B-2 | 28,489.00 |
| 312000000 | Reserves | B-3 | 3,69,12,076.00 |
| | Total Reserve &surplus | | 4,02,63,687.80 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 16,47,294.00 |
| | Total Grants,Funds &Contributions for Specific Purposes | | 16,47,294.00 |

| | | | |
|---|---|---|---|
| | | | |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 5,55,523.00 |
| 350000000 | Other Liabilities | B-9 | 11,14,941.10 |
| | Total Current Liabilities and Provisions | | |
| | Total Liabiliities | | 4,35,81,445.90 |
| ASSETS | | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 4,00,39,035.00 |
| 411000000 | Accumulated Depreciation | B-11 | (7760923) |
| 412000000 | Capital Work In Progress | B-11(a) | 15,14,064.00 |
| | Total Fixed Assets | | 3,37,92,176.00 |
| 420000000 | Investments<br>Investments | B-12 | 10010.00 |
| | Total Invvestments | | 10010.00 |
| | Current Assets,Loans and .Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 6,15,228.90 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 86,89,091.00 |
| 460000000 | Loans,Advances and Deposits | B-18 | 4,74,940.00 |

| | | | |
|---|---|---|---|
| | Total Current Assets,Loans and Advances | | 97,79,259.90 |
| | Total Assets | | 4,35,81,445.90 |